# അമിത്ഷാ വരുമ്പോൾ പിണറായി വിധേയ വേഷം ധരിക്കുന്നു: വി.ടി. ബൽറാം എം.എൽ.എ

ശ്രീകണ്ഠപുരം: കേരളത്തിലേക്ക് ബി.ജെ.പി നേതാവ് അമിത്ഷാ കടന്നുവരുമ്പോൾ പിണറായി വിധേയ വേഷം കെട്ടുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നതെന്ന് വി.ടി. ബൽറാം എം.എൽ.എ. ചെങ്ങളായി പഞ്ചായത്തിലെ നിടുവാലൂരിൽ കോൺഗ്രസ് കുടുംബ സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദേഹം. പയ്യന്നൂരിൽ സി.പി.എം നേതാവ് എം.എൽ.എ ആയ പ്രദേശത്ത് വ്യാപകമായി തകർന്ന റോഡുകൾ നന്നാക്കാൻ എം.എൽ.എയും നാട്ടുകാരും മുറവിളി കൂട്ടിയിട്ട് നാളുകളേറെയായി. ഒടുവിൽ അമിത്ഷാ വരുന്നതിന്റെ തലേന്ന് പിണറായി റോഡുകൾ നന്നാക്കാൻ നിർദേശം കൊടുത്തു. രാഷ്ട്രപതിയും പ്രധാനമന്ത്രിയും പങ്കെടുക്കുന്ന ചടങ്ങ് നടക്കുമ്പോൾ മാത്രം കണ്ടുവരുന്ന ഇത്തരം നടപടികൾ ബി.ജെ.പി പ്രസിഡണ്ട് വരുമ്പോൾ ചെയ്തത് പിണറായി ഭരണത്തിന്റെ സംഘപരിവാർ സംഘടനകളോടുള്ള വിനീതവിധേയത്വത്തിന്റെ തെളിവാണെന്നും അദേഹം സൂചിപ്പിച്ചു. ചടങ്ങിൽ ഷാജു കണ്ടമ്പേത്ത് അധ്യക്ഷത വഹിച്ചു. കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് രമ്യ ഹരിദാസ് മുഖ്യപ്രഭാഷണം നടത്തി. ഡി.സി.സി ജനറൽ സെക്രട്ടറിമാരായ കെ.സി. വിജയൻ, രജിത്ത് നാറാത്ത്, മനോജ് പാറക്കാടി, കെ.പി. നസീമ, പി. പ്രീജിത്ത്, എം.വി. ഐശ്വര്യ സംസാരിച്ചു.

*നിടുവാലൂരിൽ കോൺഗ്രസ് കുടുംബസംഗമം വി.ടി. ബൽറാം എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

*സ്കാറ്റിംഗിൽ നിരവധി മെഡൽ സ്വന്തമാക്കിയ ആൻമരിയയും ആൽഫിനും കെ.എം. മാണിയിൽ നിന്ന് ഉപഹാരം സ്വീകരിക്കുന്നു.*

## വിദ്യാർത്ഥികൾക്ക് അനുമോദനം

ശ്രീകണ്ഠപുരം: സ്കാറ്റിംഗിൽ ഒട്ടേറെ മെഡലുകൾ സ്വന്തമാക്കിയ വിദ്യാർത്ഥി സഹോദരങ്ങൾക്ക് കേരള കോൺഗ്രസ് എം. ജില്ലാ കമ്മിറ്റി സ്വീകരണവും അനുമോദനവും നൽകി. ശ്രീകണ്ഠപുരം മണ്ഡലം പ്രസിഡണ്ട് കൊട്ടൂർവയലിലെ കൈച്ചിറമറ്റത്തിൽ ബിജു, മക്കളായ ആൽഫിൻ, ആൻമരിയ എന്നിവരെയാണ് അനുമോദിച്ചത്. പരിപാടി പാർട്ടി ചെയർമാൻ കെ.എം. മാണി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ജോയ് കൊന്നക്കൽ അധ്യക്ഷത വഹിച്ചു. പി.ജെ. ജോസഫ്, പി.ടി. ജോസ്, ജോസ്. കെ. മാണി എം.പി, റോഷി അഗസ്റ്റിൻ എം.എൽ.എ, ജോയിസ് പുത്തൻപുര, സജി കുറ്റയാനി മറ്റം സംസാരിച്ചു.

## വ്യാപാരി സമിതി മെമ്പർഷിപ്പ് വിതരണം

ആലക്കോട്: കേരള വ്യാപാരി വ്യവസായി സമിതി ആലക്കോട് ഏരിയാ മെമ്പർഷിപ്പ് വിതരണം പ്രസിഡണ്ട് ബാബു ജോസഫ് ഉദ്ഘാടനം ചെയ്തു. ഇർഷാദ് ഏറ്റുവാങ്ങി. സാബു മധുരിമ, മാത്യു പാറപ്പുറം പ്രസംഗിച്ചു. സെക്രട്ടറി വേണുഗോപാൽ സ്വാഗതം പറഞ്ഞു.

## വയോജന മാർച്ച്

ശ്രീകണ്ഠപുരം: മുതിർന്ന പൗര ക്ഷേമത്തിനായി സംസ്ഥാന തലത്തിൽ വകുപ്പ് രൂപീകരിക്കുക, സാമൂഹ്യ സുരക്ഷാ പെൻഷൻ എല്ലാ മാസവും വിതരണം ചെയ്യുക, തദേശ ഭരണ സ്ഥാപനത്തെ വയോജന സൗഹൃദ സ്ഥാപനമായി പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരള സീനിയർ സിറ്റിസൺസ് ഫോറം ചെങ്ങളായി പഞ്ചായത്ത് സമിതി വയോജന മാർച്ച് നടത്തി.

ചെങ്ങളായി പഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ മാർച്ച് വാർഡ് മെമ്പർ വി.കെ. വിജയകുമാർ ഉദ്ഘാടനം ചെയ്തു. പി. ഗോവിന്ദൻ നമ്പ്യാർ അധ്യക്ഷത വഹിച്ചു. പി. നാരായണൻ, എം.കെ. വാസുദേവൻ, ടി.പി. രാമചന്ദ്രൻ, ഇ. കുഞ്ഞിരാമൻ സംസാരിച്ചു.

*കേരള വ്യാപാരി വ്യവസായി സമിതി ആലക്കോട് ഏരിയാ മെമ്പർഷിപ്പ് വിതരണം ബാബു ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.*

## പരിഹാരക്രിയകളും ക്ഷേത്രക്കുള സമർപ്പണവും

കീച്ചേരി: കീച്ചേരി ശ്രീ പാലോട്ട്കാവിലെ പരിഹാര ക്രിയകൾ ക്ഷേത്രം തന്ത്രി കാട്ടുമഠം ഇളയേടത്ത് ഈശാനൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ 10, 11, 12 തീയതികളിൽ നടക്കും. പുനർനിർമ്മിച്ച ക്ഷേത്ര കുളത്തിന്റെ സമർപ്പണം 13ന് രാവിലെ നടക്കും. ശിൽപ്പി രാജീവൻ പയ്യരട്ടയെ ആദരിക്കുകയും ചെയ്യും.

## കാഞ്ഞിരങ്ങാട് പാതയോരം ശുചീകരിച്ചു

കാഞ്ഞിരങ്ങാട്: കാഞ്ഞിരങ്ങാട് സൗഹൃദ സ്വാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ക്ലീൻ കാഞ്ഞിരങ്ങാട് എന്ന മുദ്രാവാക്യമുയർത്തി കാഞ്ഞിരങ്ങാട് ടൗണും പാതയോരവും ശുചീകരിച്ചു. സംഘം പ്രസിഡണ്ട് കെ.വി.രാജേഷ്, കെ.വി.അനിൽകുമാർ, പി.എസ്.ബിജുമോൻ, ഐ.ദാമോദരൻ മാസ്റ്റർ നേതൃത്വം നൽകി.

## ഹോമിയോ ക്ലിനിക്ക് കുറ്റിക്കോലിലേക്ക് മാറ്റി

തളിപ്പറമ്പ: നഗരസഭാ ബസ് സ്റ്റാന്റ് ബിൽഡിംഗിൽ പ്രവർത്തിച്ചു വരുന്ന ഹോമിയോ ക്ലിനിക്ക് ഇന്ന് മുതൽ കുറ്റിക്കോലിലുള്ള നഗരസഭയുടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

## മാനസീകാരോഗ്യ ദിനാചരണം നാളെ

കണ്ണൂർ: പാലിയേറ്റീവ് കെയർ ഇനിഷ്യേറ്റീവ് ഇൻ കണ്ണൂരിന്റെ ആഭിമുഖ്യത്തിൽ ലോക മാനസീകാരോഗ്യ ദിനാചരണം നാളെ രാവിലെ പത്തിന് ഐ.എം.എ. ഹാളിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്യും. സുനിൽ മാങ്ങാട്ടിടം അധ്യക്ഷനാകും. തൊഴിലിടങ്ങളിലെ മാനസിക സമ്മർദം എന്ന വിഷയത്തിൽ പി. സജീവ് കുമാറും, എം. വിനായകും ക്ലാസെടുക്കും. പി. നാരായണൻ സംസാരിക്കും. സുനിൽ മാങ്ങാട്ടിടം സ്വാഗതവും പി. ശോഭന നന്ദിയും പറയും.

## ബാങ്കുകളിൽ നിന്ന് വിരമിച്ചവരുടെ ജില്ലാ കൺവെൻഷൻ നാളെ

കണ്ണൂർ: ബാങ്കുകളിൽ നിന്ന് വിരമിച്ചവരുടെ ജില്ലാ കൺവെൻഷൻ 10ന് ഫോർട്ട് റോഡിലുള്ള ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ നടക്കും. ഫെഡറേഷൻ മുൻ സംസ്ഥാന ജോ. ജനറൽ സെക്രട്ടറി വി.ബി.ഷേണായി ഉദ്ഘാടനം ചെയ്യും.

## എം.ആർ. വാക്സിൻ പഞ്ചായത്ത്തല ഉദ്ഘാടനം

തേർത്തല്ലി: തേർത്തല്ലി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഊർജിത മീസിൽസ് റൂബല്ല വാക്സിനേഷൻ പരിപാടിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം മേരിഗിരി ഹയർസെക്കണ്ടറി സ്കൂളിൽ ആലക്കോട് പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ നിർവഹിച്ചു. ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി.കെ. ഗിരിജാമണി ടീച്ചർ അധ്യക്ഷത വഹിച്ചു. മേരിഗിരി വാർഡ് മെമ്പർ ലിസി വർഗീസ്, ഹെഡ്മാസ്റ്റർ പി.സി. ജോയി, ഡോ. ബിൻസി, മെഡിക്കൽ ഓഫീസർ ഡോ. പി. എൻ. സിമ്മി, ഹെൽത്ത് ഇൻസ്പെക്ടർ കെ. രാജൻ സംസാരിച്ചു.

*ശാസ്ത്ര സാഹിത്യ പരിഷത്ത് ആലക്കോട് സംഘടിപ്പിച്ച വികസന സംവാദത്തിൽ പ്രൊഫ. കെ.ബാലൻ പ്രസംഗിക്കുന്നു.*

## മറ്റൊരു കേരളം സാധ്യമാണ്; വികസന സംവാദം സംഘടിപ്പിച്ചു

ആലക്കോട്: ശാസ്ത്ര സാഹിത്യ പരിഷത്ത് ആഭിമുഖ്യത്തിൽ മറ്റൊരു കേരളം സാധ്യമാണ് എന്ന വിഷയത്തിൽ ആലക്കോട് വികസന സംവാദം സംഘടിപ്പിച്ചു. സി.ജെ. ഔസേഫ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. പ്രൊഫ. കെ. ബാലൻ വിഷയം അവതരിപ്പിച്ചു. എ.ആർ. പ്രസാദ് മാസ്റ്റർ, കെ.പി. ഫൽഗുനൻ, കെ.വി. ദീപേഷ് പ്രസംഗിച്ചു. ശശിധരൻ സ്വാഗതം പറഞ്ഞു.

## കരീബിയൻസ് ഫുട്ബോൾ ഫെസ്റ്റിന് അവാർഡ്

തളിപ്പറമ്പ: ഈ വർഷത്തെ ഏറ്റവും നല്ല സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റായി കരീബിയൻസ് ഫുട്ബോൾ ഫെസ്റ്റ് തിരഞ്ഞെടുക്കപ്പെട്ടു. മലപ്പുറം തവനൂരിൽ നടന്ന ചടങ്ങിൽ കരീബിയൻസ് പത്രിനിധികൾ അവാർഡ് ഏറ്റുവാങ്ങി. സംസ്ഥാനത്ത് ഉടനീളം നടന്ന 53 ഓളം അഖിലേന്ത്യ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റുകളെ പിന്തള്ളിയാണ് കരീബിയൻസ് ഫെസ്റ്റ് ഒന്നാമത് എത്തിയത്. എസ്.എഫ്.എ വാട്സപ്പ് ഗ്രൂപ്പിലൂടെ നടന്ന തിരഞ്ഞെടുപ്പിലൂടെയാണ് മികച്ച ടൂർണ്ണമെന്റ് തിരഞ്ഞെടുത്തത്. അഷ്റഫ് എളേടത്ത് അവാർഡ് വിതരണം ചെയ്തു. എസ്.എഫ്.എ സംസ്ഥാന ജന. സെക്രട്ടറി ബാവ സൂപ്പർ സ്റ്റുഡിയോ അധ്യക്ഷനായിരുന്നു.

*എഫ്.എസ്.ഇ.ടി.ഒ നേതൃത്വത്തിൽ കണ്ണൂരിൽ നടത്തിയ പ്രതിഷേധ പ്രകടനം.*

## എഫ്.എസ്.ഇ.ടി.ഒ പ്രതിഷേധ പ്രകടനം നടത്തി

കണ്ണൂർ: പെട്രോൾ-പാചകവാതക വിലവർദ്ധനവിനെതിരെ എഫ്.എസ്.ഇ.ടി.ഒ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന ജീവനക്കാരും അധ്യാപകരും പ്രതിഷേധ പ്രകടനം നടത്തി. യോഗത്തിൽ പി.ഗംഗാധരൻ, സി.ലക്ഷ്മണൻ, കെ.എം.ബാലചന്ദ്രൻ സംസാരിച്ചു.

*ആലക്കോട് വീവൺ യുവജന കൂട്ടായ്മയുടെ ശുചീകരണ പ്രവൃത്തി ഔസേപ്പച്ചൻ തേവറോലിക്കൽ ഉദ്ഘാടനം ചെയ്യുന്നു*

## നാടിന് മാതൃകയായി വീവൺ യുവജന കൂട്ടായ്മ

ആലക്കോട്: ആലക്കോട്ടെ യുവജന കൂട്ടായ്മയായ വീവൺ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആലക്കോട്-കരുവഞ്ചാൽ റോഡ് ശുചീകരണം നാടിനാകെ മാതൃകയായി. ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ആലക്കോട് ടൗൺ മുതൽ കരുവഞ്ചാൽ വരെയുള്ള ഭാഗത്തെ റോഡിന്റെ ഇരുവശത്തെയും കാടുകൾ വെട്ടിത്തെളിച്ചാണ് യുവജന കൂട്ടായ്മ മാതൃകയായത്. പഞ്ചായത്ത് മെമ്പർ ഔസേപ്പച്ചൻ തേവറോലിക്കൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെസി ഷിജി പ്രസംഗിച്ചു. വീവൺ പ്രസിഡണ്ട് കെ.പി.ജോബി, സെക്രട്ടറി റോണി ആന്റണി, ഡേവ്പ്രഘോഷ് മാത്യു, ഗ്രിഫിൻ പുല്ലാട്ട്, ടിജോ പൊന്നാട്ട്, ജിൻസൺ മാത്യു നേതൃത്വം നൽകി.

*പരിയാരം അമ്മാനപ്പാറ അക്ഷരശ്രീ കുടുംബശ്രീയുടെ കൊയ്ത്തുത്സവം ബ്ലോക്ക് പഞ്ചായത്തംഗം പി.രഞ്ജിത്ത് ഉദ്ഘാടനം ചെയ്യുന്നു*

## അക്ഷരശ്രീ കൊയ്ത്തുത്സവം

പരിയാരം: അമ്മാനപ്പാറ അക്ഷരശ്രീ കുടുംബശ്രീ യൂനിറ്റിന്റെ കൊയ്ത്തുത്സവം ബ്ലോക്ക് പഞ്ചായത്തംഗം പി.രഞ്ജിത്ത് ഉദ്ഘാടനം ചെയ്തു. പി.അനിത അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്തംഗം ടി.സൗമിനി, ബീന അശോകൻ, സുജിഷ മനോജ് പ്രസംഗിച്ചു. ടി.വി.ബിന്ദു സ്വാഗതം പറഞ്ഞു.

## വ്യാപാരി വ്യവസായി സമിതി ധർണ്ണ നാളെ

കണ്ണൂർ: ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വ്യാപാരികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് വ്യാപാരി വ്യവസായി സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നാളെ രാവിലെ പത്തിന് ഹെഡ്പോസ്റ്റോഫീസ് മാർച്ചും ധർണ്ണയും നടത്തും. കെ.കെ. രാഗേഷ് എം.പി. ഉദ്ഘാടനം ചെയ്യും.

## ടെക്നീഷ്യനെ നിയമിക്കുന്നു

ശ്രീകണ്ഠപുരം: നഗരസഭാ പരിധിയിലെ കേടായ തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി കരാറടിസ്ഥാനത്തിൽ താൽക്കാലികമായി ടെക്നീഷ്യനെ നിയമിക്കുന്നു. ഇലക്ട്രിക്കൽ വയർമാൻ ലൈസൻസ് ഉള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം 13ന് രാവിലെ 11 മണിക്ക് നഗരസഭാ ഓഫീസിൽ ഹാജരാകണം.

## ഉണർവ് പദ്ധതി ഉദ്ഘാടനവും സ്വീകരണവും നാളെ

ഉദയഗിരി: ജെ.സി.ഐ ഉദയഗിരി ആഭിമുഖ്യത്തിൽ പ്രത്യാശ യു.പി സ്കൂളിൽ നടപ്പിലാക്കുന്ന ഉണർവ്-2017 പദ്ധതിയുടെ ഉദ്ഘാടനവും, വിവിധ സ്കോളർഷിപ്പുകളുടെ വിതരണവും നാളെ രാവിലെ 11.30ന് ഉദയഗിരി പ്രത്യാശ യു.പി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ഉദയഗിരി സ്വദേശിയും അങ്കമാലി എം.എൽ.എയുമായ റോജി എം. ജോൺ ഉദ്ഘാടനം നിർവഹിക്കും. റോയി ജോസഫ് അധ്യക്ഷത വഹിക്കും. റോജി, എം. ജോൺ എം.എൽ.എക്കുള്ള ജന്മനാടിന്റെ സ്വീകരണവും ഇതോടനുബന്ധിച്ച് നടക്കും.

## അപേക്ഷ ക്ഷണിച്ചു

തളിപ്പറമ്പ: എൻ.യു.എൽ.എം പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ നടക്കുന്ന മൂന്നു മാസം ദൈർഘ്യമുള്ള ആയുർവേദ സ്പാ തെറാപ്പി കോഴ്സിന് തളിപ്പറമ്പ നഗരസഭ പരിധിയിൽപ്പെട്ട 18നും 35നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പരിശീലനവും താമസവും ഭക്ഷണവും സൗജന്യമാണ്. താൽപര്യമുള്ളവർ 12നകം തളിപ്പറമ്പ കുടുംബശ്രീ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0460 2203190

*ഏറ്റവും നല്ല സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റായി തിരഞ്ഞെടുക്കപ്പെട്ട കരീബിയൻസ് ഫുട്ബോൾ ഫെസ്റ്റിനുള്ള അവാർഡ് അഷ്റഫ് എളേടത്തിൽ നിന്നും കരീബിയൻസ് പ്രതിനിധി ഏറ്റുവാങ്ങുന്നു*

# ശ്രീകണ്ഠപുരത്ത് കെട്ടിട നമ്പർ നൽകുന്നില്ലെന്ന് പരാതി

ശ്രീകണ്ഠപുരം: നഗരസഭയിലെ ഉദ്യോഗസ്ഥർ നിസാര കാരണങ്ങൾ പറഞ്ഞ് കെട്ടിട നമ്പർ നൽകുന്നില്ലെന്ന് പരാതി. കേരള ബിൽഡിംഗ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് കെ. സലാഹുദീനാണ് ശ്രീകണ്ഠപുരം നഗരസഭ ചെയർമാൻ പരാതി നൽകിയത്. പണി തീർന്ന പല കെട്ടിടങ്ങളും ഉപയോഗശൂന്യമായി കിടക്കുകയാണെന്നും ചെറിയ കാരണം പറഞ്ഞ് നമ്പർ നൽകാതിരിക്കുമ്പോൾ നഗരസഭക്ക് കിട്ടേണ്ട നികുതി വരുമാനവും നഷ്ടമാകുമെന്നും പരാതിയിൽ പറയുന്നു. ജനങ്ങളെ ദ്രോഹിക്കുന്ന ഇത്തരം നിലപാട് മാറ്റുന്നില്ലെങ്കിൽ ശക്തമായ സമരം ആരംഭിക്കാൻ കെട്ടിട ഉടമകൾ തയ്യാറാകുമെന്ന് സലാഹുദീൻ മുന്നറിയിപ്പ് നൽകി.

## ലഹരി വിരുദ്ധ റാലി

ശ്രീകണ്ഠപുരം: ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ശ്രീകണ്ഠപുരം എക്സൈസ് നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ റാലി നടത്തി. മുൻസിപ്പൽ ചെയർമാൻ പി.പി. രാഘവൻ ഉദ്ഘാടനം ചെയ്തു. റാലി എക്സൈസ് ഇൻസ്പെക്ടർ പി.പി. ജനാർദനൻ ഫ്ളാഗ് ഓഫ് ചെയ്തു. എസ്.പി.സി, ജെ. ആർ.സി എൻ.എസ്.എസ് അധ്യാപകൻ എക്സൈസ് ജീവനക്കാർ എന്നിവർ റാലിയിൽ പങ്കെടുത്തു. പ്രിൻസിപ്പാൾ ലൂസി ഈപ്പൻ, ഹെഡ്മാസ്റ്റർ എം.സി. രാമചന്ദ്രൻ, പി.വി. നാരായണൻ സംസാരിച്ചു.

*ശ്രീകണ്ഠപുരം ജി.എച്ച്.എസ്.എസിൽ നടന്ന ലഹരി വിരുദ്ധ റാലി നഗരസഭ ചെയർമാൻ പി.പി. രാഘവൻ ഉദ്ഘാടനം ചെയ്യുന്നു.*

## വയോജന റാലിയും പൊതുയോഗവും

ആലക്കോട്: സാമൂഹ്യ സുരക്ഷാ പെൻഷൻ 3000 രൂപയാക്കുക, വയോജന ക്ഷേമത്തിന് പ്രത്യേക വകുപ്പ് രൂപീകരിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സീനിയർ സിറ്റിസൺസ് ഫോറം ആലക്കോട് പഞ്ചായത്ത് കമ്മിറ്റി ആഭിമുഖ്യത്തിൽ ആലക്കോട് പഞ്ചായത്ത് ഓഫീസിലേക്ക് റാലി നടത്തി. വിശദീകരണ പൊതുയോഗത്തിൽ കെ.വി. സഖറിയാസ് അധ്യക്ഷത വഹിച്ചു. കെ. ഗോപാലകൃഷ്ണൻ മാസ്റ്റർ പ്രസംഗിച്ചു. ഗോകുലം ഗോപാലകൃഷ്ണൻ സ്വാഗതവും കെ.പി. നാരായണൻ നന്ദിയും പറഞ്ഞു.

എം.ജി. സർവ്വകലാശാലയിൽ നിന്നും എഡ്യൂക്കേഷനിൽ ഡോക്ടറേറ്റ് നേടിയ മടമ്പം പി.കെ.എം. കോളേജിലെ അസോസിയേറ്റ് പ്രൊഫസർമാരായ മായാ ജെ. പിള്ള, തളിപ്പറമ്പ് സർസയ്യിദ് കോളേജ് മലയാള വിഭാഗം മേധാവി പ്രൊഫ. ടി.വി. പുരുഷോത്തമന്റെ ഭാര്യയാണ്. റിട്ട. പ്രഥമാധ്യാപകരായ കെ. ജനാർദനൻ പിള്ളയുടെയും പത്മകുമാരിയുടെയും മകളാണ്. കാവുമ്പായി സ്വദേശിനിയാണ്.

## ഗാന്ധി ചിത്ര പ്രദർശനം

ശ്രീകണ്ഠപുരം: ഏരുവേശി ഗവ. യു.പി സ്കൂളിൽ ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ച് സാമൂഹ്യ ശാസ്ത്ര ക്ലബ് ഗാന്ധി ചിത്രപ്രദർശനം നടത്തി. എസ്.എം.സി. ചെയർമാൻ പി. ശശികുമാർ ഗാന്ധിജിയുടെ ചിത്രം വരച്ച് ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപകൻ പി. വി. വിജയൻ, ഫാൻസി ജോർജ്, കെ.വി. ബാലകൃഷ്ണൻ, ടി.വി. ദിനേശൻ സംസാരിച്ചു.

## എൻ.ജി.ഒ യൂനിയൻ നാടക മൽസരം; ഷിൻസിത മികച്ച നടി

ഇടുക്കി: കേരള എൻ.ജി.ഒ. യൂണിയൻ തൊടുപുഴയിൽ നടത്തിയ അഖില കേരള നാടക മൽസരത്തിൽ സംഘവേദി, കണ്ണൂർ അവതരിപ്പിച്ച 'ശവക്കുഴികളിൽ നിന്ന് ഇത്ര മാത്രം' എന്ന നാടകത്തിലെ അഭിനയത്തിന് കെ. ഷിൻസിതയെ മികച്ച നടിയായി തിരഞ്ഞെടുത്തു. കുറ്റിക്കോലിലെ എ. സുരേഷ്ബാബു- കെ. റീഷ ദമ്പതികളുടെ മകളാണ്. നാടക പ്രവർത്തനായിരുന്ന ഒ.കെ. കുറ്റിക്കോലിന്റെ ചെറുമകളായ ഷിൻസിത. ചെറുകുന്ന് വെൽഫെയർ സ്കൂളിൽ പ്ലസ്വൺ സയൻസ് വിദ്യാർത്ഥിയാണ്. സഹോദരൻ: ഷാരുൺ. വേദിയിൽ 15 നാടകങ്ങളിലായി 30ൽ ഏറെ സ്ത്രീ കഥാപാത്രങ്ങളും 120 പുരുഷ കഥാപാത്രങ്ങളും ഉണ്ടായിരുന്നു. ഇവരിൽ നിന്നാണ് ഏറ്റവും മികച്ച നടിയായി ഷിൻസിതയെ തിരഞ്ഞെടുത്തത്. നടി സജിത മഠത്തിൽ ഉദ്ഘാടനം ചെയ്തു. നാടക രചന- സുരേഷ് ബാബു ശ്രീസ്ഥ, സംവിധാനം- പ്രേമൻ മുചുകുന്ന് (കോഴിക്കോട്) എന്നിവരും അവാർഡിന് അർഹരായി. പ്രശസ്ത നാടക പ്രവർത്തകരുടെ നാടകങ്ങൾ വേദിയിൽ അവതരിപ്പിച്ചു. നവമ്പറിൽ ആലുവയിൽ നടക്കുന്ന കേരള എൻ.ജി.ഒ. യൂണിയന്റെ പരിപാടിയിൽ അവാർഡ് വിതരണം ചെയ്യും.

*ആലക്കോട് എക്സൈസ് നേതൃത്വത്തിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ റാലി.*

## ലഹരി വിരുദ്ധ ബോധവൽക്കരണ റാലി

ആലക്കോട്: ആലക്കോട് എക്സൈസ് വകുപ്പ് ആഭിമുഖ്യത്തിൽ ആലക്കോട് എൻ.എസ്.എസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവൽക്കരണ റാലി സംഘടിപ്പിച്ചു. ബസ്സ്റ്റാന്റ് പരിസരത്ത് നിന്നാരംഭിച്ച റാലി ടൗൺ ചുറ്റി സ്കൂൾ പരിസരത്ത് സമാപിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്തു. ഗിരിജാ മണി ടീച്ചർ, അസി. എക്സൈസ് ഇൻസ്പെക്ടർ റെന്നി ഫെർണാണ്ടസ്, സ്കൂൾ പ്രിൻസിപ്പാൾ കൃഷ്ണകുമാർ, അധ്യാപകരായ കെ.വി. ദീപേഷ്, കെ. മധു, ഗിരീഷ്കുമാർ, ജ്യോതിരാജ് നേതൃത്വം നൽകി. അസി. എക്സൈസ് കമ്മീഷണർ അൻസാരി ബീഗു റാലി ഫ്ളാഗ് ഓഫ് ചെയ്തു. ആലക്കോട് എക്സൈസ് ഇൻസ്പെക്ടർ ഹേമന്ദ് കുമാർ സ്വാഗതം പറഞ്ഞു.

*എ.കെ.പി.എ തളിപ്പറമ്പ് ഈസ്റ്റ് യൂനിറ്റ് പ്രസിഡണ്ട് രമേശൻ ചൂഴലി, സെക്രട്ടറി നവീൻരാജ്, ട്രഷറർ രാജേഷ് കാഞ്ഞിരങ്ങാട്*

# ബി.ജെ.പിയുടേത് വേട്ടക്കാരന്റെ വിലാപം: എസ്.ഡി.പി.ഐ

കണ്ണൂർ: വർഗീയ ധ്രുവീകരണം ലക്ഷ്യമിട്ട് ബി.ജെ.പി നടത്തിയ ജാഥയിൽ കേട്ടത് വേട്ടക്കാരന്റെ വിലാപമാണെന്ന് എസ്.ഡി.പി.ഐ ജില്ലാ പ്രസിഡണ്ട് ബഷീർ പൂന്നാട് പ്രസ്താവനയിൽ വ്യക്തമാക്കി. ഗുജറാത്ത് വംശഹത്യയ്ക്കും ഏറ്റുമുട്ടൽ കൊലകൾക്കും പേരുകേട്ട അമിത്ഷായെയും മത വിദ്വേഷം പ്രചരിപ്പിക്കുന്ന പ്രസംഗങ്ങളിലൂടെ കുപ്രസിദ്ധി നേടിയ യോഗി ആദിത്യനാഥിനെയും രംഗത്തിറക്കി കേരളത്തിന്റെ മതേതരത്വം തകർക്കാനാണ് ശ്രമിച്ചത്. വൻ കോലാഹലമുണ്ടാക്കി നടത്തിയ യാത്രയുടെ ലക്ഷ്യം മനസിലാക്കി ബഹിഷ്കരിച്ച കണ്ണൂർ ജനതയ്ക്ക് അഭിവാദ്യമർപ്പിക്കുന്നു. കേരള മണ്ണിൽ ഇനിയും വർഗീയതയ്ക്ക് വളക്കൂറുണ്ടാക്കാനാവില്ലെന്ന സന്ദേശമാണ് കണ്ണൂരിലെ ജനത നൽകിയത്. ആളെക്കൂട്ടാൻ ഇതര സംസ്ഥാനക്കാരെ കുത്തിനിറച്ചിട്ടും രക്ഷയില്ലാതായതിനാലാണ് അമിത്ഷാ ഒളിച്ചോടിയത്. ഗാന്ധി മുതൽ ഗൗരി വരെയുള്ളവരെ കൊലപ്പെടുത്തിയവരും വംശഹത്യയ്ക്കും കൂട്ടക്കൊലകൾക്കും നേതൃത്വം നൽകിയവരാണ് എല്ലാവർക്കും ജീവിക്കണമെന്ന വിലാപവുമായെത്തിയതെന്നും അദേഹം ചൂണ്ടിക്കാട്